സംരക്ഷിക്കുമെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചിരുന്നു. ആ വാർത്ത പ്രസിദ്ധീകരിക്കുമ്പോഴും പ്രസ് റൂം അടച്ചിട്ടതിന് വിശദീകരണവും നൽകിയിരുന്നു. ഈ വിശദീകരണത്തിലാണ് പ്രസ് റൂമിൽ പത്ര പ്രവർത്തകർ തമ്മിൽ കയ്യേറ്റം നടന്നതിനെ സംബന്ധിച്ച പരാമർശം ഉണ്ടായിരുന്നത്.

കോപ്പി മേശപ്പുറത്തു വയ്ക്കുന്നു.†

(ബി) ഇല്ല.

(സി) മുഖ്യമന്ത്രിയുടെ പ്രസ്താവനയെ ആധാരമാക്കിയുള്ള പത്രക്കുറിപ്പ് അവാസ്തവികമല്ല.

ടി. എ. റഹീമിനെ മർദ്ദിച്ചതായി പരാതി

19 [2032] ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം താലൂക്കിൽ പനച്ചിക്കാട് കുടുവാക്കുളം കാടംചിറ പുത്തൻപറമ്പിൽ വീട്ടിൽ ടി. എ. റഹീമിനെ പോലീസ് മർദ്ദിച്ചതായി ഉള്ള പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി പരാതിയിൻമേൽ അന്വേഷണം നടത്തുവാനും അനന്തര നടപടികൾക്കുമായി കോട്ടയം ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വിദ്യാർത്ഥിയെ കാണാതായ സംഭവം

20 [2025] ശ്രീ. കെ. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ താമസക്കാരനായ വട്ടകപ്പാറ ''അജുഖാൻ'' എന്ന വിദ്യാർത്ഥിയെ കഴിഞ്ഞ ഫെബ്രുവരി ഒന്നാം തീയതി മുതൽ എറണാകുളത്തു നിന്നും കാണാതായത് സംബന്ധിച്ച് ഗവൺമെന്റിന് രക്ഷകർത്താക്കളുടെ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കളമശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) പോലീസ് ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ എന്താണ്;

(ഡി) ഈ കുട്ടിയെ എത്രയും വേഗം കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly